كتاب المرأة المسلمة - مليالم

جاليات

# മുസ്‌ലിം

## വനിതക്കൊരു കൈപുസ്തകം




شعبة توعية الجاليات بالزلفي

هاتف: ٠٦ ٤٢٣٤٤٦٦ فاكس: ٠٦ ٤٢٣٤٤٧٧ ص.ب: ١٨٢


20

# كتاب المرأة المسلمة

## اللغة الماليالام

أعده وترجمه:

## شعبة توعية الجاليات في الزلفي


ح شعبة توعية الجاليات بالزلفي ، ١٤١٦هـ

*فهرسة مكتبة الملك فهد الوطنية أثناء النشر*

الزلفي ، شعبة توعية الجاليات
كتاب المرأة المسلمة - الزلفي.
٢٤ ص ؛ ١٢ × ١٧ سم
ردمك ٦ - ١٢ - ٨١٣ - ٩٩٦٠
النص باللغة المليبارية
١. المرأة في الإسلام أ. العنوان
ديوي ٢١٩,١ ١٦/١٥٤٤

رقم الايداع : ١٦/١٥٤٤
ردمك: ٦ - ١٢ - ٨١٣ - ٩٩٦٠

الصف والإخراج: **شعبة توعية الجاليات في الزلفي**

# المحتويات


| الرقم | الموضوع | الصفحة |
| --- | --- | --- |
| ١. | المقدمة | ٥ |
| ٢. | مكانة المرأة في الإسلام | ٦ |
| ٣. | حقوق المرأة العامة | ٩ |
| ٤. | حقوق المرأة على زوجها | ١١ |
| ٥ | الحيض | ١٢ |
| ٦. | زمن الحيض ومدته | ١٣ |
| ٧. | الطوارىء على الحيض | ١٣ |
| ٨. | أحكام خاصة عن الحيض | ١٤ |
| ٩. | الاستحاضة | ١٦ |
| ١٠. | احكام الاستحاضة | ١٨ |
| ١١. | أحكام النفاس | ١٨ |
| ١٢. | موانع الحيض والحمل | ١٩ |
| ١٣. | حكم الحجاب وصفته | ٢٠ |
| ١٤. | نصائح للمرأة المسلمة | ٢٣ |

# താളുകളിൽ


| നമ്പർ | വിഷയം | പുറം |
|---|---|---|
| 1. | ആമുഖം | 5 |
| 2. | സ്ത്രീ ഇസ്ലാമിൽ | 6 |
| 3. | സ്ത്രീയുടെ അവകാശങ്ങൾ | 9 |
| 4. | ഭാര്യയുടെ അവകാശങ്ങൾ | 11 |
| 5. | രക്തം - വിധികൾ | 12 |
| 6. | ആർത്തവത്തിലെ അസാധാരണത്വങ്ങൾ | 13 |
| 7. | ആർത്തവകാരിയുടെ വിധികൾ | 14 |
| 8. | ഇസ്തിഹാളഃ | 16 |
| 9. | വിധികൾ | 18 |
| 10. | പ്രസവരക്തം - വിധികൾ | 18 |
| 11. | ആർത്തവനിയന്ത്രണം | 19 |
| 12. | ഗർഭനിയന്ത്രണം | 19 |
| 13. | പർദ്ദ | 20 |
| 14. | സമാപനം | 23 |

# ആമുഖം

എല്ലാ സ്തുതിയും ലോകരക്ഷിതാവായ അല്ലാഹുവിനാകുന്നു. അല്ലാഹുവിൻെറ അനുഗ്രഹവും രക്ഷയും അന്ത്യപ്രവാചകൻെറ മേൽ വർഷിക്കുമാറാകട്ടെ

മനുഷ്യൻെറ ഇഹപര ആവശ്യങ്ങളെ സമന്വയിപ്പിച്ചു കൊണ്ടാണ് ഇസ്ലാം അവതീർണമായത്. അല്ലാഹു പറയുന്നു: ഇന്ന്ഞാൻ നിങ്ങൾക്ക് നിങ്ങളുടെമതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എൻെറഅനുഗ്രഹം നിങ്ങൾക്ക്ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻനിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു. ( അൽ- മാഇദ: 3)

ഇസ്ലാം ഇവിടെഎന്തെല്ലാമാണ് ചെയ്തത്? ദിവ്യത്വം അല്ലാഹുവിന്ന്മാത്രം സ്ഥിരീകരിച്ചു. ജനങ്ങൾക്കിടയിൽ സമത്വവും, നീതിയും ഉറപ്പുവരുത്തി. മനുഷ്യർക്കിടയിൽ - ധർമനിഷ്ഠയില്ലാതെ - വ്യത്യാസങ്ങൾ കൽപിക്കാൻ പാടില്ലെന്ന് പഠിപ്പിച്ചു. ജാതീയമായ ഉച്ചനീചത്വങ്ങൾ പാടെതൂത്തുമാറ്റി. സ്ത്രീ - പുരുഷർക്കിടയിൽ അവകാശാധികാരങ്ങളിൽ സമത്വം സ്ഥാപിച്ചു. അല്ലാഹു പറയുന്നു: ഹേ,മനുഷ്യരേ,തീർച്ചയായും നിങ്ങളെനാം ഒരാണിൽ നിന്നും ഒരുപെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയുംചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിൻെറ അടുക്കൽ,നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠപാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു. ( ഹുജറാത്- 13 )

***മുസ്ലിം സഹോദരി,***

മുസ്ലിം വനിതകളുമായി ബന്ധപ്പെട്ട ചിലവിധികൾ ഉൾക്കൊള്ളുന്ന ഈ കൊച്ചുകൃതി നിങ്ങളുടെമുന്നിൽ സമർപ്പിക്കട്ടെ. ഇതുപഠിക്കുക. പ്രാവർത്തികമാക്കുക. അല്ലാഹുവിൻെറയും അവൻെറദൂതൻെറയും കൽപനകൾക്കനുസൃതമായി പ്രവർത്തിക്കുക. ഇത് അല്ലാഹുവിൻെറ അടുക്കൽ സ്വീകാര്യമായ ഒരുസൽകർമ്മമായേക്കാം.

# സ്ത്രീ ഇസ്‌ലാമിൽ

ഇസ്‌ലാമിൽ സ്ത്രീക്കുള്ള അവകാശങ്ങളെകുറിച്ച് പറയുന്ന തിനുമുമ്പ്, മറ്റുസമുദായങ്ങളിൽ സ്ത്രീക്കുള്ള പദവികളെയും, അവർക്ക് സ്ത്രീകളോടുള്ള പെരുമാറ്റത്തെയും കുറിച്ച് അല്പം ചിലത് പറയേണ്ടിയിരിക്കുന്നു.

*ഗ്രീക്കുകാർ* സ്ത്രീകളെ വില്പനച്ചരക്ക് ആക്കിയിരുന്നു. പുരു ഷന്നല്ലാതെ (സ്ത്രീക്ക്) യാതൊരു അവകാശവും ഉണ്ടായിരു ന്നില്ല. അവൾ അനന്തരാവകാശവും സാമ്പത്തികസ്വാതന്ത്ര്യവും തടയപ്പെട്ടവളായിരുന്നു. പ്രശസ്ത ഗ്രീക്ക്തത്വചിന്തകൻ സോക്ര ട്ടീസിൻെറ വാക്ക്ശ്രദ്ധിക്കൂ: ലോകത്തിൻെറ തകർച്ചയുടെ തുട ക്കവും,കാരണവും സ്ത്രീയാണ്. പക്ഷികൾ ഭുജിച്ചാൽ തൽക്ഷ ണം ചത്തുപോകുന്ന,ബാഹ്യഭംഗിയുള്ള ഒരു വിഷച്ചെടിയാണവൾ.

*റോമക്കാർ* സ്ത്രീക്ക് ആത്മാവില്ലെന്ന് വിശ്വസിച്ചിരുന്നു. അവർ സ്ത്രീക്ക് ഒരുസ്ഥാനവും കൽപിച്ചിരുന്നില്ല. ഒരവകാ ശവും അവൾക്ക് അനുവദിച്ചുകൊടുത്തിരുന്നില്ല. "സ്ത്രീക്ക് ആ ത്മാവില്ല" എന്നായിരുന്നു അവരുടെമുദ്രാവാക്യം തന്നെ. അക്കാ രണത്താൽതന്നെ സ്ത്രീകളുടെ ശരീരത്തിൽ തിളപ്പിച്ചഎണ്ണയൊ ഴിച്ചും, തൂണുകളിൽകെട്ടിയിട്ടും ശിക്ഷിക്കപ്പെട്ടിരുന്നു. ചിലപ്പോൾ നിരപരാധികളായ സ്ത്രീകളെപ്പോലും കുതിരയുടെവാലിൽകെട്ടി, അതിവേഗത്തിൽ കുതിരയെ ഓടിച്ച് അവളെ കൊല്ലുമായിരുന്നു.

***ഹിന്ദുമതത്തിൽ*** സ്ത്രീയുടെഅവസ്ഥ ഇതിനെക്കാൾ ശോച നിയമായിരുന്നു. അവളുടെ ഭർത്താവിൻെറ ചിതയിൽചാടി സതി അനുഷ്ഠിക്കാൻ വിധിക്കപ്പെട്ടവളായിരുന്നു.

*ചൈനക്കാർ* സ്ത്രീയെസങ്കൽപിച്ചിരുന്നത് സമ്പത്തും, സൗഭാ ഗ്യവും നക്കിത്തുടച്ച്കളയുന്ന"വേദനാജലം"ആയിട്ടാണ്. ഭാര്യയെ വിൽക്കാനും, ജീവനോടെകുഴിച്ചുമൂടുവാനും ഭർത്താവിന് സ്വാത ന്ത്ര്യമുണ്ടായിരുന്നു.

***ജൂതന്മാർക്ക്*** സ്ത്രീ ഒരുശാപമായിരുന്നു. സ്വർഗ്ഗത്തിലെ മര ത്തിൽനിന്നും പഴം പറിച്ചുതിന്നാൻ ആദമിനെ പ്രേരിപ്പിച്ച്, വഴി പിഴപ്പിച്ചതും സ്ത്രീയായിരുന്നത്രെ. സ്ത്രീ ആർത്തവകാരിയായാ ൽ അവൾതന്നെ അശുദ്ധമാണ്. വീടും,സ്പർശിക്കുന്ന എല്ലാവ സ്തുക്കളും അശുദ്ധമാകും എന്നവർ വിശ്വസിച്ചു. സഹോദരന്മാ ർ ഉണ്ടെങ്കിൽ സ്ത്രീക്ക് പിതാവിൻെറ അനന്തരസ്വത്ത് ലഭിച്ചി രുന്നില്ല.

*ക്രൈസ്തവർ*, സ്ത്രീ പിശാചിൻെറ വാതിലാണെന്ന് പറഞ്ഞിരുന്നു. സ്ത്രീ മനുഷ്യജാതിയിൽ തന്നെ പെട്ടവളല്ലെന്നാണ് ഒരു കൃസ്തീയപണ്ഡിതൻെറ അഭിപ്രായം. സെൻറ് ബിനാവെൻറൂറ (St: Buena Venture) എന്നപാതിരി പറഞ്ഞു: ഒരുസ്ത്രീയെ കണ്ടാൽ ഒരുമനുഷ്യജീവിയെയോ, മൃഗത്തെയോആണ് നിങ്ങൾ നോക്കുന്നതെന്ന് വിചാരിക്കരുത്. മറിച്ച് തനിപിശാചിനെയാണ് നിങ്ങൾ കാണുന്നത്. നിങ്ങൾ കേൾക്കുന്നശബ്ദം സർപ്പ ത്തിൻെറ ശീൽക്കാരമാണ്. കഴിഞ്ഞ (പത്തൊമ്പതാം) നൂറ്റാണ്ടി ൻെറ ഉത്തരാർദ്ധംവരെ, ഇംഗ്ളീഷ്നിയമ പ്രകാരം സ്ത്രീകൾ കനേഷുമാരിയിൽ (ജനസംഖ്യാകണക്കെടുപ്പ്) ഉൾപ്പെട്ടിരുന്നില്ല. സ്ത്രീക്ക്വ്യക്തിപരമായ യാതൊരവകാശവും അവിടെഉണ്ടായിരുന്നില്ല. യാതൊന്നിൻെറയും ഉടമസ്ഥാവകാശം - അവൾധരിച്ച വസ്ത്രത്തിൻേറത് പോലും - അവൾക്ക്ഉണ്ടായിരുന്നില്ല.

സ്ത്രീക്ക് യാതൊരുഅധികാരവും നൽകാൻപാടില്ലെന്ന് 1567ൽ സ്കോട്ട്ലാൻറ് പാർലമെൻറ്, ഒരുനിയമം കൊണ്ടുവരികയുണ്ടായി. ഹെൻട്രിഎട്ടാമൻ ചക്രവർത്തിയുടെകാലത്ത് ഇംഗ്ളീഷ്പാർലമെൻറ്,സ്ത്രീ അശുദ്ധമായതിനാൽ അവൾ ബൈബിൾ വായിക്കുന്നത് നിഷിദ്ധമാക്കിയിരുന്നു.

സ്ത്രീ മനുഷ്യനാണോ, അല്ലയോ എന്നു ചർച്ചചെയ്യാനായി കൃസ്താബ്ദം 586ൽ ഫ്രാൻസിൽ ഒരുസമ്മേളനംതന്നെ സംഘടിപ്പിച്ചിരുന്നു! "സ്ത്രീ മനുഷ്യൻതന്നെയാകുന്നു, പക്ഷെ അവൾ ഒരു പുരുഷൻെറ ദാസിയായിട്ടാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്" എന്നായിരുന്നു ആസമ്മേളനത്തിൻെറ അന്തിമതീരുമാനം.

എ-ഡി- 1805വരെ "ഇംഗ്ളീഷ് നിയമം" ഭാര്യയെവിൽക്കാൻ പുരുഷന് അനുവാദംനൽകിയിരുന്നു. ഒരുഭാര്യക്ക് ആറുപെൻസ് (അര ഷില്ലിംഗ്) തറവില നിശ്ചയിച്ചിരുന്നു.

ഇസ്ലാമിനുമുമ്പുള്ള അറബികളിൽ, സ്ത്രീ അവകാശം നിഷേധിക്കപ്പെട്ടവളും, അവഗണിക്കപ്പെട്ടവളും, നീചയുമായിരുന്നു. മാത്രവുമല്ല അവരിൽചിലർ പെൺമക്കളെ ജീവനോടെ കുഴിച്ചുമൂടിയിരുന്നു.

ഇസ്ലാം വന്നത് സ്ത്രീയിൽനിന്നും അക്രമവും അനീതിയും നീക്കംചെയ്യാനും, സ്ത്രീയും പുരുഷനും സമമാണെന്നും, പുരുഷനുള്ളതുപോലെതന്നെ അവകാശങ്ങൾ സ്ത്രീക്കുംഉണ്ടെന്നും പ്രഖ്യാപിക്കുവാനുമായിരുന്നു.

അല്ലാഹു പറയുന്നു: ഹേ, മനുഷ്യരേ,തീർച്ചയായും നിങ്ങളെ നാം ഒരാണിൽ നിന്നും ഒരുപെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെനാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയുംചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിൻെറ അടുക്കൽ,നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവുംധർമ്മനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു. (ഹുജറാത്-13)

ആണാകട്ടെ, പെണ്ണാകട്ടെ, ആര് സത്യവിശ്വാസിയായിക്കൊണ്ട് സൽപ്രവൃത്തികൾ ചെയ്യുന്നുവോ, അവർസ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. അവരോട് ഒരുതരിമ്പും അനീതി കാണിക്കപ്പെടുന്നതല്ല.(അന്നിസാഅ്-124)

മനുഷ്യനോട് അവൻെറ മാതാപിതാക്കളുടെകാര്യത്തിൽ നന്മ ചെയ്യുവാൻ നാം അനുശാസിച്ചിരിക്കുന്നു. (അൻകബൂത്-8)

നബി(സ) പറഞ്ഞു: സത്യവിശ്വാസികളിൽ ഈമാൻ (വിശ്വാസം) സമ്പൂർണമായവർ, സൽസ്വഭാവികളാകുന്നു. നിങ്ങളിൽ ഉൽകൃഷ്ഠർ ഭാര്യമാരോട് നല്ലനിലക്ക് വർത്തിക്കുന്നവരാകുന്നു.

അബൂഹുറയ്റ(റ)യിൽ നിന്നുനിവേദനം, ഒരാൾ നബിയുടെ അടുക്കൽ വന്നിട്ട് ചോദിച്ചു; നബിയേ, എൻെറ നല്ലസഹവാസത്തിന് ജനങ്ങളിൽ ഏറ്റവുംകടപ്പെട്ടവൻ ആരാകുന്നു? നബി: നിൻെറ മാതാവ്.

ആഗതൻ: പിന്നെയാരാണ്? നബി: നിൻെറ മാതാവ്.
ആഗതൻ: പിന്നെയാരാണ്? നബി: നിൻെറ മാതാവ്.
ആഗതൻ: പിന്നെയാരാണ്? നബി: നിൻെറ പിതാവ്.

സ്ത്രീകളെകുറിച്ചുള്ള ഇസ്‌ലാമികവീക്ഷണത്തിൻെറ രത്നചുരുക്കം മാത്രമാണിത്.

# സ്ത്രീയുടെ അവകാശങ്ങൾ

സ്ത്രീക്ക് ഇസ്‌ലാം പൊതുവായ ചിലഅവകാശങ്ങൾ നൽകിയിട്ടുണ്ട്. അവൾ അത് അറിഞ്ഞിരിക്കേണ്ടതാണ്. ഈ അവകാശങ്ങൾ പൂർണമായി, യഥേഷ്ടംപ്രയോജനപ്പെടുത്താൻ സമൂഹം അവൾക്ക് അനുവാദവും അംഗീകാരവും നൽകേണ്ടതാണ്.

1- ഉടമസ്ഥാവകാശം: സ്ത്രീക്ക് വീട്, കൃഷിസ്ഥലം, ഫാക്ടറികൾ, തോട്ടം,സ്വർണ്ണം,വെള്ളി, നാൽകാലികൾ തുടങ്ങിയവ സമ്പാദിക്കാനും, ഉടമസ്ഥയാകാനും അവകാശമുണ്ട്. അവൾ ഭാര്യയോ,മാതാവോ,മകളോ,സഹോദരിയോ ആകട്ടെ.

2- വൈവാഹികം: വിവാഹം, ഭർത്താവിനെതെരഞ്ഞെടുക്കൽ, അതിൽ എതിരഭിപ്രായം പ്രകടിപ്പിക്കൽ, നിർബന്ധഘട്ടങ്ങളിൽ ബന്ധംവേർപ്പെടുത്തൽ എന്നിവയിലുള്ള സ്വാതന്ത്ര്യം സ്ത്രീയു ടെ അവകാശമാകുന്നു.

3- വിദ്യാഭ്യാസം: ദൈവത്തെ അറിയൽ, ആരാധനാ കർമ്മ ങ്ങൾ നിർവഹിക്കാൻ പഠിക്കൽ, തന്റെകടമകളെകുറിച്ച് ബോധവതിയാകൽ, അവളെസമൂഹത്തിലെ മര്യാദയും, സൽസ്വഭാവവുമുള്ള ഒരുവളാക്കിതീർക്കുന്ന എല്ലാകാര്യങ്ങളും അറിയുവാനും പഠിക്കുവാനും സ്ത്രീക്ക് അവകാശമുണ്ട്. അല്ലാഹുപറയുന്നു: **ആയാൽ അല്ലാഹുഅല്ലാതെ യാതൊരുദൈവവുമില്ലെന്ന് നീ അറിയുക** (മുഹമ്മദ്-19).

നബി(സ) പറഞ്ഞു: വിജ്ഞാനസമ്പാദനം എല്ലാ മുസ്‌ലിം സ്ത്രീക്കും,പുരുഷനും നിർബന്ധമാകുന്നു. [ഇബ്നുമാജ]

4-സമ്പത്ത് ചെലവഴിക്കൽ: അവളുടെസമ്പത്ത് അവൾക്ക് ഇഷ്ടപ്പെട്ടവർക്ക് ദാനംചെയ്യുവാനും,അവൾക്കുവേണ്ടിയോ, ഭർത്താവ്,മക്കൾ,മാതാപിതാക്കൾ, ഇവർക്കെല്ലാംവേണ്ടിയോ- അമിതമാകാതെ- ചെലവഴിക്കാനുള്ള അവകാശം പുരുഷനെപ്പോലെ തന്നെ അവൾക്കുമുണ്ട്.

5-സ്നേഹം,ക്രോധം: നല്ലവരായസ്ത്രീകളെ സ്നേഹിക്കുക, അവരെ സന്ദർശിക്കുക, അവർക്ക് ഉപഹാരങ്ങൾനൽകുക, അവരുമായി കത്തിടപാടുകൾനടത്തുക,അവരുടെ ക്ഷേമാന്വേഷ ണം നടത്തുക,അവരുടെദുഃഖങ്ങളിൽ പങ്കാളിയാവുക, ദുർവൃത്ത കളെ വെറുക്കുക, അവരോട് ദേഷ്യം ഉള്ളവളാകുക, അല്ലാഹു വിന്റെ

മാർഗ്ഗത്തിൽ അവരെ വെറുക്കുക തുടങ്ങിയവയിലും സ്ത്രീ സ്വന്തമായ അവകാശമുള്ളവളാണ്.

6- ഇഷ്ടദാനം: തൻെറസമ്പത്തിൽനിന്ന് താൻ ജീവിച്ചിരിക്കെ മൂന്നിൽഒന്ന് ഇഷ്ടദാനം (വസിയ്യത്) ചെയ്യാൻ അവൾക്ക് അവകാശമുണ്ട്. അവളുടെ മരണാനന്തരം അത് നിർവിഘ്നം നടപ്പാക്കപ്പെടേണ്ടതുമാണ്. ഇഷ്ടദാനം തീർത്തും വ്യക്തിപരമായ അവകാശമാണ്. അത് പുരുഷനെപ്പോലെ സ്ത്രീക്കും ബാധകമാകുന്നു. അല്ലാഹുവിൻെറപ്രതിഫലം എല്ലാവർക്കും അർഹമായതാണ്. പുരുഷനെപ്പോലെതന്നെ ഇഷ്ടദാനം മൂന്നിൽ ഒന്നി ൽ കവിയാൻ പാടില്ല.

7- വേഷം: അവൾക്കിഷ്ടപ്പെട്ട സ്വർണ്ണവും പട്ടും അവൾക്ക് ധരിക്കാം. പുരുഷന് ഇതുരണ്ടും നിഷിദ്ധങ്ങളാണ്. എന്നുപറഞ്ഞാൽ ശരീരത്തിൻെറ പകുതിയോ,കാൽഭാഗമോ വെളിവാക്കി വിവസ്ത്രയായിനടക്കാമെന്നല്ല. അവളുടെശിരസും,മാറും ഭർത്താവിൻെറ മുന്നിലല്ലാതെ വെളിവാക്കാൻ പാടുള്ളതല്ല.

8-അലങ്കാരം: ഭർത്താവിനുവേണ്ടി അലങ്കാരങ്ങൾസ്വീകരിക്കാം, സുറുമയിടാം, ചെഞ്ചായം പൂശാം, ചുണ്ടുകളിൽ(വേണമെങ്കിൽ) വർണ്ണംതേക്കാം, മോടിയുള്ളവസ്ത്രങ്ങൾ ധരിക്കാം. അഭിസാരികകളുടേതോ,അന്യമതസ്ഥരുടെ മതചിഹ്നമോത്തയ അലങ്കാരങ്ങൾ സ്വീകരിക്കരുതെന്ന് മാത്രം. തെറ്റിദ്ധാരണയുടെയും അനാവശ്യത്തിൻെറയും പഴുതുകൾ അടയാൻ വേണ്ടിയാണിത്.

9- ഭക്ഷണം: ശുദ്ധവും, രുചിയുള്ളതുമായ എല്ലാഭക്ഷണപാനീയങ്ങളും പുരുഷനെപ്പോലെ അവൾക്കും ഉപയോഗിക്കാം. വിധിവിലക്കുകളിൽ സ്ത്രീയും,പുരുഷനും സമമാണ്. അല്ലാഹു പറയുന്നു: നിങ്ങൾ തിന്നുകയും, കുടിക്കുകയുംചെയ്യുക. ദുർവ്യയംചെയ്യരുത്. ദുർവ്യയംചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.(അഅ്റാഫ്-31) ആയത്തിൻെറസംബോധന സ്ത്രീയോടും പുരുഷനോടും മൊത്തത്തിലാകുന്നു.

# ഭാര്യയുടെ അവകാശങ്ങൾ

ഭർത്താവിൽനിന്നും ഭാര്യക്ക്ലഭിക്കേണ്ട ആവശ്യങ്ങൾ ഒരു സ്ത്രീയുടെ പ്രത്യേക അവകാശങ്ങളിൽ പെട്ടതാകുന്നു. അവൾക്ക് ഭർത്താവിനോടുള്ള കടമകൾക്ക് പകരമാണവ.

അവൾ ഭർത്താവിൻെറ കൽപനകൾ (അല്ലാഹുവിന്നും റസൂലിന്നും വിരുദ്ധമല്ലാത്തപ്പോൾ) അനുസരിക്കണം. ഭർത്താവിന് ഭക്ഷണം ഒരുക്കണം,കിടപ്പറശരിയാക്കണം, കുട്ടികൾക്ക് മുലകൊടുക്കണം, അവരെവളർത്തണം, അദ്ദേഹത്തിൻെറസ്വത്തും അഭിമാനവുംസംരക്ഷിക്കണം. അവളുടെചാരിത്ര്യം അവൾസംരക്ഷിക്കണം. ഭർത്താവിനുവേണ്ടി അനുവദനീയമായ അലങ്കാരങ്ങൾ സ്വീകരിക്കണം. ചിലകടമകൾ മൊത്തത്തിൽ സൂചിപ്പിച്ചു എന്നതേയുള്ളൂ. അല്ലാഹു പറയുന്നു: **സ്ത്രീകൾക്ക് (ഭർത്താക്കന്മാരോട്) ബാദ്ധ്യതകൾ ഉള്ളതുപോലെ തന്നെ, ന്യായപ്രകാരം അവർക്ക് അവകാശങ്ങൾ കിട്ടേണ്ടതുമുണ്ട്.** (അൽബഖറ-228)

ഇവയെല്ലാം സത്യവിശ്വാസിനികൾ അറിഞ്ഞിരിക്കേണ്ടതാണ്. ഭയമോ, കൂസലോ ഇല്ലാതെ ഇവ ചോദിക്കേണ്ടതുമാണ്. ഒരു ഭർത്താവ് തൻെറഭാര്യക്ക് ഇതെല്ലാം പൂർണ്ണമായും അംഗീകരിച്ചു കൊടുത്തിരിക്കണം. അതിൽ വിട്ടുവീഴ്ചക്കുള്ള അധികാരം അവൾക്കുള്ളതാകുന്നു.

1-ചെലവ്: ഭർത്താവ് സമ്പന്നനോ,ദരിദ്രനോആകട്ടെ, വസ്ത്രം,ഭക്ഷണം,ഔഷധം, താമസം എന്നിവക്കുള്ളചെലവ് നിർന്ധമായും നൽകണം.

2-സംരക്ഷണം: അവളുടെ ശരീരവും,സമ്പത്തും,ധർമ്മനിഷ്ഠയും, അഭിമാനവും അവൻ സംരക്ഷിക്കണം. കാരണം, പുരുഷനാണ് അവളുടെനിയന്ത്രണാധികാരം ഉള്ളത്. ഒരു വസ്തുവി ൻെറ നിയന്ത്രണാധികാരമെന്നാൽ, സംരക്ഷണവും, പരിരക്ഷയും മുഖ്യഘടകം തന്നെയാണ്.

3-വിദ്യാഭ്യാസം: മതപരമായ അത്യാവശ്യകാര്യങ്ങൾ അവളെയവൻ പഠിപ്പിക്കണം. അവൻ അതിന്നു സാധിക്കാത്തവനാണെങ്കിൽ പള്ളികളിലും മറ്റുസ്ഥാപനങ്ങളിലും സ്ത്രീകൾക്കായു ള്ള വൈജ്ഞാനികസദസ്സുകളിൽ പങ്കെടുക്കാൻ അവൾക്ക് അനുവാദംകൊടുക്കണം. തൽഫലമായി തനിക്കോ,അവൾക്കോ വല്ലനാശവും സംഭവിക്കുമെന്ന് ഭയപ്പെടാതിരിക്കുമ്പോൾ.

4-സഹവർത്തിത്വം: അവളുമായി നല്ലനിലക്ക് സഹവർത്തിക്കണം. അല്ലാഹുപറഞ്ഞു: **അവരോട് നിങ്ങൾ നല്ലനിലക്ക് സഹവർത്തിക്കേണ്ടതുമാണ്**.(നിസാഅ്-19)

ലൈംഗികവേഴ്ചയിൽ അവളെ സംതൃപ്തയാക്കൽ, സഹവർത്തിത്വത്തിൻെറ പ്രധാനഭാഗമാണ്. അവളെ ചീത്തപറയരുത്, തെറിവിളിക്കരുത്, നിന്ദിക്കരുത്, അവഹേളിക്കരുത്. മറ്റു വിഷമങ്ങൾ ഭയപ്പെടുന്നില്ലെങ്കിൽ - അവളുടെബന്ധുക്കളെ സന്ദർശിക്കുന്നതിൽനിന്ന് അവളെതടയരുത്. അവൾക്ക് കഴിയാത്തജോലികൾ അവളെ ഏൽപിക്കരുത്. അവളോട് നല്ലവാക്കും,പ്രവൃത്തിയും മാത്രമേ ഉണ്ടാകാവൂ.

നബി(സ)പറയുന്നു: നിങ്ങളിൽ ഏറ്റവുംഉൽകൃഷ്ഠൻ, തൻെറ വീട്ടുകാരിയോട് നന്നായിവർത്തിക്കുന്നവനാണ്. ഞാൻ എൻെറ വീട്ടുകാരിയോട് നല്ലനിലക്ക് പെരുമാറുന്നവനാകുന്നു.(ഹദീസ്). മാന്യന്മാരല്ലാതെ സ്ത്രീയെ ആദരിക്കുകയില്ല. നീചരല്ലാതെ അവളെ നിന്ദിക്കുകയുമില്ല. ( ഹദീസ് )

# രക്തം - വിധികൾ

**1 - ആർത്തവം - സമയവും പരിധിയും:**

സാധാരണയിൽ സ്ത്രീ ആർത്തവകാരിയാകുന്നത് 12 വയസ്സ് മുതൽ 50 വയസ്സ് വരെയാകുന്നു. ചിലപ്പോൾ 12 വയസ്സിന്ന് മുമ്പും 50 വയസ്സിന്ന് ശേഷവും ആർത്തവം ഉണ്ടാകാം. ചുറ്റുപാടിൻെറ വ്യത്യാസങ്ങൾ അനുസരിച്ച്.

2-ആർത്തവകാലം: ആർത്തവത്തിൻെറ ഏറ്റവും കൂടിയതോ, കുറഞ്ഞതോ ആസമയത്തിന് ദിനങ്ങളുടെ പരിധിയില്ല.

ഗർഭിണിയുടെ ആർത്തവം

സ്ത്രീ ഗർഭംധരിച്ചാൽ ആർത്തവം നിലച്ചുപോകും. ഗർഭിണിക്ക് പ്രസവത്തിന്ന് രണ്ടോ മൂന്നോ ദിവസം മുമ്പ് നേരിയ വേദനയോടെ രക്തസ്രാവമുണ്ടായാൽ അത് പ്രസവരക്തമായിരിക്കും. എന്നാൽ പ്രസവത്തിന് കൂടുതൽ ദിവസം മുമ്പോ, പ്രസവത്തിന് കുറച്ചുമുമ്പ് വേദനയൊന്നും കൂടാതെയും രക്തസ്രാവമുണ്ടായാൽ, അത് പ്രസവരക്തമല്ല. ആർത്തവമായി രിക്കും.

**ആർത്തവത്തിലെ അസാധാരണത്വങ്ങൾ**

1-വർദ്ധനവും കുറവും : ആറുദിവസം സാധാരണ ആർത്തവമുള്ള സ്ത്രീക്ക്, പതിവിന്ന് വിപരീതമായി ഏഴുദിവസം രക്തം കാണപ്പെടുക. ഏഴുദിവസം സാധാരണ ആർത്തവമുള്ള സ്ത്രീ ക്ക് ആറാം ദിവസം ശുദ്ധിയായി അനുഭവപ്പെടുക.

2-കാലവ്യത്യാസം: ഒരു സ്ത്രീക്ക് സാധാരണയായി ആർത്തവമുണ്ടാകുന്നത് മാസത്തിൻെറ അവസാനത്തിലാണെങ്കിൽ, ചിലപ്പോൾ അത് മാസത്തിൻെറ തുടക്കത്തിൽ ഉണ്ടാകും. മാസാരംഭത്തിൽ ആർത്തവമുണ്ടാകുന്ന സ്ത്രീക്ക് മാസാവസാനനത്തിലും ആയേക്കാം. അവളുടെ പതിവിന്ന് വിപരീതമായി കൂടുകയോ, കുറയുകയോ, ദിവസം മുന്തിയോ, പിന്തിയോ വന്നാലും, രക്തംകാണപ്പെട്ടാൽ അത് ആർത്തവം തന്നെയാണ്. രക്തം നിലച്ചു പോയാൽ അവൾ ശുദ്ധിയുള്ളവളുമായിത്തീരും.

3-രക്തത്തിൻെറ വർണ്ണം: മുറിവുകളിൽനിന്നും വരുന്ന രക്തത്തിൻെറ നിറത്തിലുള്ളതോ, മഞ്ഞയും കറുപ്പും കലർന്ന കട്ടിയുള്ളതോആയ രക്തം, ആർത്തവകാലത്തോ, അല്ലെങ്കിൽ ആർത്തവത്തിൽനിന്നും ശുദ്ധിയാകുന്നതിന് മുമ്പായി അതിന്നു കൂടെ ഉണ്ടായാൽ, അത് ആർത്തവ രക്തമായിരിക്കും. അതിന്നും ആർത്തവ രക്തത്തിൻെറ വിധികൾ ബാധകമായിരിക്കും. ശുദ്ധിക്കു ശേഷം ആണെങ്കിൽ അത് ആർത്തവമല്ല.

4-ഇടക്കിടെനിന്നുപോകൽ: ഒരുദിവസം രക്തം കാണപ്പെട്ടു. അടുത്തദിവസം നിന്നുപോയി. ഇതിന്ന് രണ്ട്അവസ്ഥയുണ്ടാകും.

1-ഒരുസ്ത്രിക്ക് ഇങ്ങനെ എല്ലാകാലത്തും സമയത്തും ഉണ്ടാകും. ഇതിന്ന് ഇസ്തിഹാളഃ (രക്തസ്രാവം) എന്നാണ് പറയുക. അവർക്ക് ഇസ്തിഹാളത്തിൻെറ നിയമം ബാധകമായിരിക്കും.

2-സ്ത്രിക്ക് രക്തസ്രാവം തുടർച്ചയായി ഇല്ലാതിരിക്കൽ: ചിലപ്പോൾ രക്തംകാണപ്പെടും. ചിലപ്പോൾ നല്ല ശുദ്ധികാലം ലഭിക്കും. രക്തംനിൽക്കൽ ഒരുദിവസത്തിൽ കുറവാണെങ്കിൽ അത് ശുദ്ധിയായി പരിഗണിക്കാവതല്ല. വെളുത്തദ്രാവകം പുറത്തു വരിക, സാധാരണയായി അവളുടെ ആർത്തവം നിൽക്കുന്ന ദി വസത്തിൽ രക്തംനിന്നുപോവുക, പോലെയുള്ള അടയാളങ്ങൾ ഇല്ലെങ്കിൽ ഒരുദിവസത്തിൽ കുറഞ്ഞശുദ്ധി, ശുദ്ധിയായി പരിഗണി ക്കാവതല്ല.

5-രക്തത്തിൻെറ വരണ്ട അവസ്ഥ: ഇത് സാധാരണ ആർത്തവത്തിന്നിടയിലോ, അതിൻെറ ശുദ്ധിയോട് ചേർന്നോ ആണ് ഉണ്ടാകുന്നതെങ്കിൽ അത് ആർത്തവമാണ്. ശുദ്ധിയായതിനു ശേഷമാണ് അനുഭവപ്പെടുന്നതെങ്കിൽ ആർത്തവമല്ല.

**ആർത്തവകാരിയുടെ വിധികൾ**

**1-നമസ്കാരം:** ആർത്തവകാരിക്ക് നിർബന്ധമോ, ഐഛികമോആയ നമസ്കാരങ്ങൾ ഹറാ (നിഷിദ്ധ) മാണ്. അവളുടെ നമസ്കാരം നിഷ്ഫലമാണ്. നമസ്കാര സമയത്തിൻെറ ആരംഭത്തിലോ, അവസാനത്തിലോ ഒരുറക്അത് നമസ്കരിക്കാനുള്ള സമയം അവൾക്ക് കിട്ടിയെങ്കിൽമാത്രമേ, അവൾക്ക് ആ നമസ്കാരം നിർബന്ധമുള്ളൂ.

ഉദാ: a-സൂര്യൻ അസ്തമിച്ചശേഷം മഗ്‌രിബ് ഒരു റക്അത് നമസ്കരിക്കാനുള്ള സമയംകഴിഞ്ഞ്, ഒരു സ്ത്രീക്ക് ആർത്തവമുണ്ടാകുന്നു. അവൾ ആർത്തവം കഴിഞ്ഞ് ശുദ്ധിയായശേഷം ആ മഗ്‌രിബ് നമസ്കരിച്ചുവീട്ടൽ നിർബന്ധമാകുന്നു. കാരണം, ആർത്തവമുണ്ടാകുന്നതിന്ന്മുമ്പ് ഒരുറക്അത് നമസകരിക്കുവാനുള്ള സമയം അവൾക്ക് ലഭിച്ചിട്ടുണ്ട്.

b-സൂര്യൻ ഉദിക്കുന്നതിന്ന് (സുബ്ഹിൻെറസമയം അവസാനിക്കുന്നതിന്നു) മുമ്പ് ഒരുറക്അത് നമസ്കരിക്കാൻ സമയമുള്ളപ്പോൾ, ഒരുസ്ത്രീ ആർത്തവത്തിൽ നിന്നും ശുദ്ധിയാകുന്നു. അവൾ ശുദ്ധിയായശേഷം ആ സുബ്ഹ് നമസ്കരിച്ചുവീട്ടൽ നിർബന്ധമാണ്. ഒരുറക്അത് നമസ്കരിക്കാനുള്ള സമയം ഇവിടെയും ലഭിച്ചിരുന്നുവല്ലോ.

എന്നാൽ ദിക്റുകൾ,തസ്ബീഹ്,തക്ബീർ,തഹ്‌ലീൽ, തഹ്മീദ് (സുബ്ഹാനല്ലാഹ്,അല്ലാഹുഅക്ബർ,ലാഇലാഹ ഇല്ലല്ലാഹ്, അൽഹംദുലില്ലാഹ്) എന്നിവചൊല്ലൽ, ഭക്ഷണംകഴിക്കുമ്പോൾ ബിസ്മി ചൊല്ലൽ, ഫിഖ്ഹ്,ഹദീസ് ഗ്രന്ഥങ്ങൾ വായിക്കൽ, ദുആ ചെയ്യൽ,പ്രാർത്ഥനക്ക് ആമീൻ പറയൽ, ഖുർആൻ കേൾക്കൽ എന്നിവ ആർത്തവകാരിക്ക് ഹറാമല്ല. മുസ്ഹഫിലോ, ഖുർആൻ എഴുതിയ മറ്റെന്തെങ്കിലും വസ്തുക്കളിലോ നോക്കിക്കൊണ്ട് നാവനക്കാതെ, മൗനമായി ഒരു ആർത്തവകാരി ഖുർആൻ പാരായണം ചെയ്യുന്നത് തെറ്റല്ല. ഒരു അധ്യാപിക, വിദ്യാർത്ഥികൾക്ക് ഖുർആൻ ഓതിക്കൊടുക്കേണ്ടി വരുന്നു, അല്ലെങ്കിൽ ഖുർആൻ പരിക്ഷ നടത്തേണ്ടിവരുന്നു. ഇങ്ങനെയുള്ള സന്ദർഭങ്ങളിലല്ലാതെ ആർത്തവകാരി നാവുകൊണ്ട് ഉച്ചരിച്ച് ഖുർആൻ പാരായണം ചെയ്യാതിരിക്കലാണ് ഏറ്റവും ഉത്തമം.

**2-നോമ്പ്:** ആർത്തവകാരി നിർബന്ധമോ, ഐഛികമോ ആയ നോമ്പനുഷ്ഠിക്കൽ നിഷിദ്ധമാകുന്നു. അവൾ നോമ്പെടുത്താൽ

അത് സ്വീകാര്യമല്ലാതായിത്തീരും. എന്നാൽ നിർബന്ധ നോമ്പ് അവൾ പിന്നീട് നോറ്റുവീട്ടേണ്ടതാകുന്നു. ഒരു സ്ത്രീ നോമ്പുകാരിയായിരിക്കെ (സൂര്യാസ്തമനത്തിന്ന് ഒരു സെക്കൻറ് മുമ്പാണെങ്കിലും) ആർത്തവകാരിയായാൽ, അവളുടെ നോമ്പ് നിഷ്ഫലമാകും. അത് നിർബന്ധ നോമ്പാണെങ്കിൽ പിന്നീട് നോറ്റു വീട്ടേണ്ടതുമാണ്. എന്നാൽ ആർത്തവ രക്തത്തിൻെറ ചലനം സൂര്യാസ്തമനത്തിന്ന് മുമ്പുതന്നെ അവൾ അറിഞ്ഞിരു ന്നു, രക്തം പുറത്തുവന്നത് അസ്തമനത്തിന്നു ശേഷമാണെങ്കി ൽ അവളുടെനോമ്പ് പൂർണ്ണവും സ്വീകാര്യവുമാണ്.

ആർത്തവകാരിയായിരിക്കെ ഫജ്ർ (പ്രഭാതം)ആയി. പ്രഭാത ത്തിന്നു ഒരുസെക്കൻറിനുശേഷം അവൾ ശുദ്ധിയുള്ളവളായാലും, അവളുടെ ആ ദിവസത്തെനോമ്പ് നിഷ്ഫലമാകുന്നു. ഫജ്റിന്ന് അൽപം മുമ്പ് ആർത്തവത്തിൽ നിന്നും ശുദ്ധിയുള്ളവളായാൽ, അവൾക്ക് നോമ്പ് പിടിക്കാം. നോമ്പ് പിടിക്കാൻ ഉദ്ദേശിക്കുന്ന ജനാബത്ത് (വലിയഅശുദ്ധി) ഉള്ള ആൾ പ്രഭാതം ഉദിച്ചതിന്നു ശേഷം കുളിച്ചാലും അവൻെറനോമ്പ് സ്വീകാര്യമായിത്തീരുന്നതു പോലെ, ഈ സ്ത്രീക്കും ചെയ്യാവുന്നതാണ്.

3-ത്വവാഫ്: ആർത്തവകാരി കഅ്ബയെ ത്വവാഫ് ചെയ്യൽ ഹറാമാണ്. അവൾ ത്വവാഫ് ചെയ്താൽ അത് സ്വഹീഹാവു കയില്ല. സ്വഫാ - മർവയിലെ സഅ്യ്, അറഫയിൽ നിൽക്കൽ, മുസ്ദലിഫയിലും, മിനായിലും രാപാർക്കൽ, ജംറകളിൽ എറിയ ൽ തുടങ്ങി ഹജ്ജിൻെറയും ഉംറയുടെയും മറ്റു കർമ്മങ്ങളൊ ന്നും ആർത്തവകാരിക്ക് നിഷിദ്ധങ്ങളല്ല. ശുദ്ധിയുള്ളവളായിരിക്കെ ഒരു സ്ത്രീ ത്വവാഫ് നിർവഹിച്ചു. ത്വവാഫ് കഴിഞ്ഞ ഉടനെ ആർത്തവമുണ്ടായി. സ്വഫാ മർവയിലെ സഅ്യിന്നിടയിൽ ആ ർവകാരിയായായി. എന്നാൽ അവൾക്ക് യാതൊരു കുറ്റവുമില്ല.

4-പള്ളിയിൽ താമസിക്കൽ: ആർത്തവകാരി പള്ളിയിൽ താമ സിക്കൽ നിഷിദ്ധമാകുന്നു.

5-സംയോഗം: ആർത്തവകാരിയെ ഭർത്താവ് സംയോഗം ചെ യ്യുന്നതും, അവൾ അതിന്ന് സൗകര്യം ചെയ്തുകൊടുക്കുന്നതും ഹറാമാകുന്നു. എന്നാൽ ഭർത്താവിന് തൻെറ വികാര ശമന ത്തിനായി (സായോഗം ഒഴികെയുള്ള) ചുംബനം,അണച്ചുകൂട്ടൽ മുതലായവ അനുവദനീയമാണ്.

6-വിവാഹമോചനം: ആർത്തവകാരിയെ ഭർത്താവ് വിവാഹ മോചനം (ത്വലാഖ്) ചെയ്യൽ ഹറാമാകുന്നു. ഒരാൾ, തൻെറ ഭാര്യ

ആർത്തവകാരിയായിരിക്കെ വിവാഹമോചനം നടത്തി എ ങ്കിൽ അതു പാപമായിത്തീരും. അവൻ പശ്ചാത്തപിക്കണം. ദൈവനിയമ പാലനത്തിന്നായി അവളെ, തന്റെ സംരക്ഷണ ത്തിലേക്ക്അവൻ തിരിച്ചെടുക്കേണ്ടതാണ്. അവളെ വിവാഹ മോചനം നടത്തിയ ആർത്തവത്തിൽ നിന്നും അവൾ ശുദ്ധിയായി, രണ്ടാമതൊരു ആർത്തവം ഉണ്ടാകുന്നതു വരെ അവളെ കൂടെ താമസിപ്പിക്കുക. ശുദ്ധിയായാൽ അവളെ ഭാര്യയായി നിലനിർത്തു കയോ, സംയോഗം ചെയ്യുന്നതിന്നു മുമ്പ് വിവാഹമോചനം നട ത്തുകയോ ചെയ്യാവുന്നതാണ്.

**7-കുളി:** ആർത്തവകാരി ശുദ്ധിയായാൽ ശരിരംമുഴുവൻ വൃത്തിയാകുന്നരൂപത്തിൽ കുളിക്കേണ്ടതാണ്. മുടിക്കെട്ടിനുള്ളി ലേക്ക് വെള്ളം പ്രവേശിക്കുമെങ്കിൽ അത് അഴിക്കൽ നിർ ബന്ധമില്ല. ആർത്തവകാരി നമസ്കാരസമയത്ത് ശുദ്ധിയുള്ളവ ളായാൽ, നമസ്കാരം കൃത്യസമയത്തു നിർവഹിക്കാനായി ഉട ൻ തന്നെ കുളിച്ചു വൃത്തിയാകേണ്ടതാണ്.

അവൾ ശുദ്ധിയാകുന്നത് യാത്രയിലായിരിക്കുമ്പോളാണ്. വെള്ളം ലഭിക്കാതിരിക്കുന്നു. അല്ലെങ്കിൽ ഉള്ളവെള്ളം ഉപയോ ഗിച്ചാൽ മറ്റുവല്ല വിഷമവും ഭയപ്പെടുന്നു. അല്ലെങ്കിൽ വെള്ളം ഉപയോഗിക്കാൻ പറ്റാത്ത രോഗിയാകുന്നു. ഇത്തരം സന്ദർഭങ്ങ ളിൽ കുളിക്കുപകരം (ശുദ്ധമായ മണ്ണിൽ രണ്ടുകയ്യും അടിച്ച് മുഖവും,രണ്ടുകയ്യും തടവിക്കൊണ്ട്) തയമ്മും ചെയ്യേണ്ടതാണ്. തടസ്സം നീങ്ങിയാൽ അവൾ കുളിക്കേണ്ടതുമാണ്.

**ഇസ്തിഹാളഃ - രക്ത സ്രാവം**

മാസത്തിൽ ഒരിക്കലും നിലക്കാതെയോ, അല്ലെങ്കിൽ ഒന്നോ രണ്ടോദിവസം മാത്രം നിലക്കുകയും ബാക്കദിവസങ്ങളിൽ സ്ഥി രമായി രക്തസ്രാവം ഉണ്ടാകുകയും ചെയ്യുന്നതിനാണ് ഇസ് തിഹാളഃ എന്നു പറയുന്നത്. 15 ദിവസത്തിൽ കൂടുതൽ രക്തം കാണപ്പെടുന്നതിനെ-ആർത്തവത്തിന്റെ പതിവാകാതെ- യാണ് ഇസ്തിഹാളഃ എന്നു പറയുക എന്ന ഒരു അഭിപ്രായവുമുണ്ട്.

**മൂന്ന് അവസ്ഥകൾ :**

**1 - ഇസ്തിഹാളത്തിനു മുമ്പ് ആർത്തവം ഉണ്ടായവൾ:**

ഇങ്ങനെയുള്ള സ്ത്രീ മുമ്പ് ആർത്തവമുണ്ടായിരുന്ന ദിവസങ്ങ ളിൽ അതിന്റെവിധികൾ സ്വീകരിക്കണം. ബാക്കി ദിവസങ്ങളിൽ ഇസ്തിഹാളത്തായി കണക്കാക്കണം.

ഉദാ: ഒരു സ്ത്രീക്ക് ഓരോ മാസത്തിലും ആദ്യത്തെ ആറു ദിവസം ആർത്തവം ഉണ്ടാകുമായിരുന്നു. പിന്നീട് അവൾക്ക് ഒരു മാസം മുഴുവൻ തുടർച്ചയായി രക്തസ്രാവം ഉണ്ടായി. അവൾ ഓരോമാസത്തിലെയും ആദ്യത്തെ ആറുദിവസം ആർത്തവകാരി യുടെ നിയമങ്ങൾ പാലിക്കണം. ബാക്കി ദിവസങ്ങൾ ഇസ്തി ഹാളത്തായി പരിഗണിക്കണം. ഈ ദിവസങ്ങളിൽ അവൾ കുളി ച്ചു വൃത്തിയായി നമസ്കാരം നിർവഹിക്കേണ്ടതാകുന്നു. കുളി ക്കുശേഷം ഉണ്ടാകുന്ന രക്തം പരിഗണിക്കേണ്ടതില്ല.

**2-ആർത്തവത്തിന്റെ നിശ്ചിതകാലം അറിയുന്നതിന്നു മുമ്പ് :**

ആദ്യംതന്നെ ഇസ്തിഹാളത്താണ് ഒരുസ്ത്രിക്ക് ഉണ്ടാകുന്ന തെങ്കിൽ, രക്തത്തിന്റെ കറുപ്പ്നിറമോ, കട്ടികൂടുതലോ, വാസ നകൊണ്ടോ തിരിച്ചറിഞ്ഞ് അത്ആർത്തവമായും, ബാക്കിദിവസ ങ്ങൾ ഇസ്തിഹാളത്തായും പരിഗണിച്ച്, അതാതിന്റെവിധികൾ പാലിക്കേണ്ടതാകുന്നു.

ഉദാ: ഒരു സ്ത്രീക്ക് സ്ഥിരമായി രക്തസ്രാവമുണ്ടാകുന്നു. മാസത്തിൽ പത്തുദിവസം കറുപ്പ് വർണ്ണത്തോടു കൂടിയും, ബാക്കി ദിവസങ്ങളിൽ ചുവപ്പ് വർണ്ണത്തിലും, അല്ലെങ്കിൽ പത്തു ദിവസം കട്ടികൂടിയും, ബാക്കിദിവസങ്ങളിൽ നേർത്തതും, അല്ലെ ങ്കിൽ പത്തുദിവസം ആർത്തവ രക്തത്തിന്റെ വാസനയോടു കൂടിയും, ബാക്കി ദിവസങ്ങളിൽ വാസന ഇല്ലാതെയുമാണ് രക്തസ്രാവമുണ്ടാകുന്നത്. എങ്കിൽ മേൽപറഞ്ഞ പ്രത്യേകതക ളോടു കൂടിയ പത്തുദിവസം അവൾ ആർത്തവകാരിയായിരിക്കും. ബാക്കി ദിവസങ്ങളിൽ ഇസ്തിഹാളത്തുമായിരിക്കും.

**3-ആർത്തവത്തിന്റെ ദിനങ്ങളോ,അടയാളങ്ങളോ അറിയാൻ കഴിയും മുമ്പ്:**

ആദ്യംതന്നെ സ്ഥിരമായ രക്തസ്രാവം ഉണ്ടാകുന്നു. ആർ ത്തവരക്തം തിരിച്ചറിയാനുള്ള വിശേഷണങ്ങൾ കൊണ്ടൊന്നും, തിരിച്ചറിയുന്നുമില്ല.(അതായത് അവളുടെരക്തം എന്നും ഒരേ വർണ്ണത്തിലും,വാസനയില്ലാത്തതുമാകുന്നു) അവൾ രക്തസ്രാവം ആരംഭിച്ച അന്നുമുതൽ, മാസത്തിൽ ആറോ,ഏഴോദിവസം (സാ ധാരണ സ്ത്രീകൾക്കുള്ളതുപോലെ) ആർത്തവമായി കണ ക്കാക്കണം. ബാക്കിദിവസങ്ങൾ ഇസ്തിഹാളത്തായും പരിഗണി ക്കണം.

# വിധികൾ

ഇസ്തിഹാളത്തുള്ള സ്ത്രീയുടെവിധികൾ, ശുദ്ധിയുള്ള സ്ത്രീയുടേത് തന്നെയാകുന്നു. താഴെപറയുന്ന കാര്യങ്ങളിൽ മാത്രമേ വ്യത്യാസമുള്ളൂ.

1-അവൾ എല്ലാ നമസ്കാരത്തിനും വുളു (അംഗശുദ്ധി) എടുക്കൽ നിർബന്ധമാകുന്നു.

2-വുളു എടുക്കാൻ ഉദ്ദേശിച്ചാൽ, രക്തത്തിൻെറ അട യാളം കഴുകിവൃത്തിയാക്കണം. രക്തവലിച്ചെടുക്കുന്ന പരുത്തി (പഞ്ഞി) യും അതിന്നു മുകളിൽ തുണിയും വച്ചുകെട്ടണം.

# നിഫാസ്-പ്രസവ രക്തം-വിധികൾ

പ്രസവത്തിൻെറ കൂടെയോ, അതിനു ശേഷമോ, അല്ലെങ്കിൽ അതിന്നു രണ്ടോ മൂന്നോ ദിവസം മുമ്പോ, വേദനയോടു കൂടി ഗർഭാശയത്തിൽ നിന്ന് പുറത്ത്‌വരുന്ന രക്തമാണ് നിഫാസ് (പ്രസവരക്തം). സാധാരണയായി ഇതു നാൽപത്ദിവസമായിരി ക്കും. നാൽപത് ദിവസത്തിലധികം രക്തം ഉണ്ടാകുകയോ, രക്തം അടുത്ത്തന്നെ നിന്നുപോകുന്ന അടയാളങ്ങൾ കാണ പ്പെടുകയോ ചെയ്താൽ, രക്തം നിലക്കുന്നതുവരെ അവൾ കാത്തിരിക്കേണ്ടതാണ്. ഇല്ലെങ്കിൽ നാൽപതു ദിവസം തികയുന്ന അന്ന് അവൾ കുളിക്കണം. ഇതിൻെറകൂടെ അവൾക്ക് ആർത്തവം കൂടിയുണ്ടായാൽ ആർത്തവകാലം കഴിയുന്നതു വരെ അവൾ കാത്തിരിക്കണം. നാൽപത് ദിവസത്തിനു മുമ്പ് തന്നെ അവളുടെ രക്തം നിലക്കുകയാണെങ്കിൽ, അവൾ ശുദ്ധി യുള്ളവളാകും. അവൾക്ക് കുളിച്ചശേഷം നമസ്കരിക്കുകയും, നോമ്പ് പിടിക്കുകയും, സ്ത്രീ-പുരുഷ ബന്ധത്തിൽ ഏർപ്പെടുക യും ചെയ്യാവുന്നതാണ്.

മനുഷ്യ രൂപംപൂണ്ട കുഞ്ഞിനെ പ്രസവിച്ചെങ്കിൽ മാത്രമേ, നിഫാസ് ആയി പരിഗണിക്കപ്പെടുകയുള്ളൂ. മനുഷ്യരൂപം രൂപപ്പെടാത്ത രക്തത്തിൻെറയോ, മാംസത്തിൻെറയോ ഒരു പിണ്ഢമാണ് ഒരുസ്ത്രീ പ്രസവിച്ചതെങ്കിൽ അവളുടെരക്തം പ്രസവ രക്തമല്ല. അവളുടെ വിധികൾ ഇസ്തിഹാളത്തിൻെറതാണ്.

ഗർഭധാരണം ആരംഭിച്ചശേഷം ചുരുങ്ങിയത് എൺപത് ദിവസങ്ങൾ കൊണ്ടും, സാധാരണ തൊണ്ണൂറ് ദിവസങ്ങൾ കൊണ്ടുമായിരിക്കും ഗർഭാശയത്തിൽ മനുഷ്യരൂപം രൂപപ്പെടുന്നത്.

പ്രസവരക്തമുള്ള സ്ത്രീക്ക് ആർത്തവകാരിയുടെ മുൻപറഞ്ഞ എല്ലാ നിയമങ്ങളും ബാധകമാണ്.

## ആർത്തവ നിയന്ത്രണം

ഒരു സ്ത്രീക്ക് അവളുടെ ആർത്തവം നിയന്ത്രിക്കുന്ന വസ്തുക്കൾ ഉപയോഗിക്കൽ രണ്ടു നിബന്ധനകൾ പ്രകാരം അനുവദനീയമാണ്. ഹജ്ജ്വേളകളിൽ പലരും ഇതുസ്വീകരിക്കാറുണ്ട്.

1-ആർത്തവം നിയന്ത്രിക്കുന്നതു കൊണ്ട് മറ്റുയാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ലെന്ന് ഉറപ്പ് വരുത്തിയിരിക്കണം. വല്ല ബുദ്ധിമുട്ടും ഉണ്ടാകുമെന്ന് ഭയപ്പെട്ടാൽ അവൾക്കത് അനുവദനീയമല്ല.

2-ഭർത്താവിൻെറ പൂർണ്ണ സമ്മതം ഉണ്ടായിരിക്കണം.

ആർത്തവം ഉണ്ടാകാനുള്ള വസ്തുക്കൾ ഉപയോഗിക്കുന്നതിനും രണ്ട് നിബന്ധനകൾ ഉണ്ട്.

1-ഭർത്താവിൻെറ അനുവാദം.

2-നമസ്കാരം,നോമ്പ് പോലെയുള്ള നിർബന്ധ കാര്യങ്ങളിൽനിന്നും രക്ഷപ്പെടാനുള്ള സൂത്രമാകരുത്.

## ഗർഭ നിയന്ത്രണം

ഗർഭധാരണം നിയന്ത്രിക്കുന്ന വസ്തുക്കൾ ഉപയോഗിക്കു ന്നത് രണ്ടു തരത്തിലുണ്ട്.

1-സ്ഥിരമായ ഗർഭനിരോധനം : ഇത് അനുവദനീയമല്ല.

2-സമയ ബന്ധിതമായ നിരോധനം : ഒരു സ്ത്രീ കൂടുതൽ പ്രാവശ്യം ഗർഭംധരിക്കുകയും, ഗർഭധാരണം അവൾക്ക് (ശാരീരിക) വിഷമങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. ഓരോ പ്രസവത്തിനുമിടയിൽ, രണ്ടോ, മൂന്നോ വർഷത്തെ ഇടവേള ലഭിക്കണമെന്നവൾ ആഗ്രഹിക്കുകയും ചെയ്യുന്നു. അവൾക്ക് - മറ്റു ബുദ്ധിമുട്ടുകളൊന്നും ഉണ്ടാകാത്ത വിധത്തിൽ - അവളുടെ ഭർത്താവി ൻെറ സമ്മതപ്രകാരം നിശ്ചിതകാലംവരെ ഗർഭനിരോധന മാർ ഗ്ഗങ്ങൾ സ്വീകരിക്കൽ അനുവദനീയമാകുന്നു.

# പർദ്ദ

കുടുംബത്തിൻെറ കെട്ടുറപ്പും, ഭദ്രതയും ഇസ്ലാം ഉറപ്പ് വരുത്തുന്നു. സാംസ്കാരിക - സാമൂഹ്യ മര്യാദകളുടെ ശക്ത മായ കോട്ടകളാൽ സംരക്ഷണം ഏർപ്പെടുത്തിയിരിക്കുന്നു. മൃഗീ യതകളും തോന്നിവാസങ്ങളും കളങ്കംചാർത്താത്ത ഒരു സംശു ദ്ധവ്യക്തിയും, സമൂഹവും നിലനിൽക്കാൻ വേണ്ടി, നാശഹേ തുകങ്ങളായ കാര്യങ്ങൾ വന്നുഭവിക്കാതെ മറയിട്ടു നിർത്തിയി രിക്കുന്നു. സ്ത്രീയും പുരുഷനും തങ്ങളുടെ ദൃഷ്ടികൾ താഴ് ത്താൻ കൽപിച്ചിരിക്കുന്നു.

ദൈവം സ്ത്രീക്ക് പർദ്ദ നിയമമാക്കിയത് അവളെ ആദരി ക്കാനും, ക്ഷതമേൽക്കാതെ അവളുടെ അഭിമാനം സംരക്ഷിക്കു വാനുമാണ്. നീചരുടെയും, നാശകാരികളുടെയും ഹസ്തങ്ങ ളിൽ നിന്നും അവളെ അകറ്റുവാനുമാണ്. മാന്യതക്ക് വില കൽപിക്കാത്തവരിൽ നിന്നു സംരക്ഷണമായും, വിഷംപുരട്ടിയ ദൃഷ്ടികൾ കാരണമായുണ്ടാകുന്ന, നാശത്തിൻെറ കവാടങ്ങൾ അടക്കുവാനും, സ്ത്രീയുടെ അഭിമാനം മൂല്യങ്ങൾകൊണ്ട് സംര ക്ഷിക്കപ്പെടാനും വേണ്ടി കൂടിയാണത്.

സ്ത്രീ അവളുടെ മുഖവും മുൻകയ്യും ഒഴികെയുള്ള മുഴുവൻ ശരീരഭാഗവും, നിർബന്ധമായി മറച്ചിരിക്കണമെന്ന് മുസ്ലിം ലോകം ഏകോപിച്ച് അഭിപ്രായപ്പെട്ട കാര്യമാകുന്നു. അവളു ടെ സൗന്ദര്യങ്ങളും, ആകർഷണീയഭാഗങ്ങളും അന്യർക്കുമുന്നിൽ പ്രദർശിപ്പിച്ചു കൂടാത്തതാണ്. മുഖവും,കൈപ്പടവും മറക്കണ മെന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഓരോരുത്തർക്കും അവരുടേതായ തെളിവുകളും,ന്യായങ്ങളുമുണ്ട്. പർദ്ദ നിർബ ന്ധമാ ണെന്നതിന്ന് ധാരാളം തെളിവുകളുണ്ട്.

ഈ തെളിവുകളുടെ ഓരോവശങ്ങൾ തന്നെയാണ് ഓരോ വിഭാഗത്തിൻെറയും വാദമുഖങ്ങൾക്ക് ആധാരം. അടിസ്ഥാനരമാ യ ഭിന്നതകൾ ഇല്ലാതെയാണ് ഓരോരുത്തരും അവരുടെ നിർ ദ്ദേശങ്ങൾ സമർപ്പിക്കുന്നതും. അല്ലാഹുപറയുന്നു: നിങ്ങൾ അവരോട് (നബിയുടെ ഭാര്യമാരോട്) വല്ലസാധനവും ചോ ദിക്കുകയാണെങ്കിൽ നിങ്ങൾ അവരോട് മറയുടെ പിന്നിൽ നിന്ന് ചോദിക്കുക. അതാണ് നിങ്ങളുടെഹൃദയങ്ങൾക്കും, അ

വരുടെഹൃദയങ്ങൾക്കും കൂടുതൽ സംശുദ്ധമായിട്ടുള്ളത്. (അൽ അഹ്സാബ്- 53)

നബിയേ, നിന്റെപത്നിമാരോടും,പുത്രിമാരോടും, സത്യവിശ്വാസികളുടെ സ്ത്രീകളോടും, അവർ തങ്ങളുടെ മൂടുപടങ്ങ ൾ, തങ്ങളുടെമേൽ താഴ്ത്തിയിടുവാൻ പറയുക. അവർ തിരിച്ചറിയപ്പെടുവാനും, അങ്ങനെയവർ ശല്യംചെയ്യപ്പെടതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറ്റവും പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. ( അൽ അഹ്സാബ് - 59)

സത്യവിശ്വാസിനികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, അവരുടെഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കു വാനും, ഭംഗിയിൽനിന്ന് പ്രത്യക്ഷമായതൊഴിച്ച്, മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും, നീ പറയുക. അവരുടെമക്കനകൾ കുപ്പായ മാറുകൾക്കുമീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ. അവരുടെ ഭർത്താക്കന്മാർ, അവരുടെ പിതാക്കൾ, അവരുടെ പുത്രന്മാർ, അവരുടെ ഭർതൃപുത്രന്മാർ, അവരുടെ സഹോദരന്മാർ, അവരുടെ സഹോദര പുത്രന്മാർ, അവരുടെ സഹോദരിപുത്രന്മാർ, അവരുമായി ബന്ധപ്പെട്ട സ്ത്രീകൾ അവരുടെ വലംകൈകൾ ഉടമപ്പെടുത്തിയവർ (അടിമകൾ), ലൈംഗികാസക്തി ഉള്ളവരല്ലാത്ത പുരുഷന്മാരായ പരിചാരകർ, സ്ത്രീകളുടെ രഹസ്യങ്ങൾ മനസ്സിലാക്കിയിട്ടില്ലാത്ത കുട്ടികൾ, എന്നിവരൊഴിച്ച് മറ്റാർക്കും തങ്ങളുടെ ഭംഗി അവർ വെളിപ്പെടുത്തരുത്. ( അന്നൂർ- 31 )

പ്രവാചകപത്നി ആയിശ(റ) പറഞ്ഞു: "സത്യവിശ്വാസിനികളായ സ്ത്രീകൾ അവരുടെ മൂടുപടങ്ങൾ താഴ്ത്തിയിട്ടു കൊണ്ട്, നബി(സ)യുടെകൂടെ ഫജ്ർ (സുബ്ഹ്) നമസ്കരത്തിൽ പങ്കെടുക്കാറുണ്ടായിരുന്നു. നമസ്കാരം കഴിഞ്ഞശേഷം അവരുടെ വീട്ടിലേക്ക് അവർ തിരിച്ചുപോകുമ്പോൾ ഇരുട്ട് നിമിത്തം അവ രെ തിരിച്ചറിയാൻ സാധിക്കില്ലായിരുന്നു." ( ഹദീസ് )

ആയിശ (റ) പറയുന്നു : "ഞങ്ങൾ നബി(സ) യുടെ കൂടെ ഇഹ്റാമിലായിരിക്കെ, യാത്രാ സംഘങ്ങൾ ഞങ്ങളുടെ അടുത്ത് കൂടെ കടന്നുപോകാറുണ്ടായിരുന്നു. അവർ ഞങ്ങളുടെ അടുത്തെത്തുമ്പോൾ തലയിലുള്ള വസ്ത്രത്തിന്റെഭാഗം ഞങ്ങൾ മുഖത്തേക്ക് താഴ്ത്തിയിടാറുണ്ടായിരുന്നു. അവർ കടന്നുപോയാ ൽ മുഖത്തു നിന്ന് മറ ഉയർത്തുമായിരുന്നു".

ആയിശ(റ) പറയുന്നു: ആദ്യകാല മുഹാജിറുകളുടെ സ്ത്രീകളെ അല്ലാഹു അനുഗ്രഹിക്കട്ടെ. "അവരുടെ മക്കനകൾ, കുപ്പായ മാറുകൾക്കുമീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ" എന്ന ഖുർആൻവാക്യം ഇറങ്ങിയപ്പോൾ അവരുടെ പുതപ്പുകൾ മുറിച്ച്, അതുകൊണ്ട് അവർ മക്കന ധരിക്കുകയാണുണ്ടായത്.

പർദ്ദയുടെ വിഷയത്തിൽ തെളിവുകൾ യഥേഷ്ടമാണ്. നിസ്സാര അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെങ്കിലും, അത്യാവശ്യ ഘട്ട ങ്ങളിൽ സ്ത്രീയുടെമുഖം വെളിവാക്കാമെന്ന കാര്യത്തിൽ എല്ലാ വരും ഏകാഭിപ്രായക്കാരാകുന്നു. നാശം ഭയപ്പെടുന്ന ഘട്ടങ്ങ ളിൽ അവളുടെ മുഖം വെളിവാക്കാൻ പാടില്ലെന്ന് ഏകാഭിപ്രാ യക്കാരായതുപോലെതന്നെ. ശുദ്ധരും, ഭയഭക്തരും കുറയു കയും, അങ്ങാടികളിലും മറ്റുസ്ഥലങ്ങളിലും തെമ്മാടിത്തങ്ങളും, നാശങ്ങളും നിറഞ്ഞുനിൽക്കുകയും ചെയ്യുന്ന വർത്തമാനകാല ത്ത് നാശം എത്രമാത്രം ഭയപ്പെടണം!

സ്ത്രീകൾ അന്യപുരുഷന്മാരുമായി ഇടകലരുന്നത് ഇസ്ലാം വിലക്കിയിരിക്കുന്നു. ഇതെല്ലാം അവളുടെമാന്യതയും, നല്ല ഗുണ ങ്ങളും, കുടുംബത്തിൻെറ ഭദ്രതയും സൂക്ഷിക്കാൻ വേണ്ടിയാണ്. ഇസ്ലാം ആഗ്രഹിക്കുന്നത് സുരക്ഷിതത്വമാണ്.നാശത്തിൻെറ വാതിലുകൾ അടക്കാനും. സ്ത്രീകൾ പുറത്തിറങ്ങി അന്യപുരു ഷരുമായി കൂടിക്കലരുന്നതും, അഴിഞ്ഞാടുന്നതും, മനുഷ്യവികാര ങ്ങളെ ഇക്കിളിപ്പെടുത്താനും, തെറ്റിൻെറപാത സുഗമമാക്കു വാനും മാത്രമേ സഹായകമാകുകയുള്ളൂ. അല്ലാഹു പറയുന്നു: നിങ്ങൾ നിങ്ങളുടെ വീടുകളിൽ അടങ്ങിക്കഴിയുകയും ചെയ്യു ക. പഴയ അജ്ഞാന കാലത്തെ സൗന്ദര്യപ്രകടനം പോലുള്ള സൗന്ദര്യപ്രകടനം നിങ്ങൾ നടത്തരുത്. (അൽഅഹ്സാബ്- 33 )

നിങ്ങൾ അവരോട് (നബിയുടെ ഭാര്യമാരോട്) വല്ലസധന വും ചോദിക്കുകയാണെങ്കിൽ നിങ്ങൾ അവരോട് മറയുടെ പി ന്നിൽനിന്ന് ചോദിക്കുക. അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും, അവരുടെഹൃദയങ്ങൾക്കും കൂടുതൽസംശുദ്ധമായിട്ടുള്ളത്.(അൽ അഹ്സാബ്-53)

സ്ത്രീകളും,പുരുഷന്മാരും ഇടകലരുന്നത് നബി(സ) ശക്ത മായി വിലക്കിയിട്ടുണ്ട്. അതിന് പ്രേരകമാകുന്ന കാര്യങ്ങൾ- ആരാധനാ സ്ഥലങ്ങളിൽ പോലും- വിലക്കിയിരിക്കുന്നു.

സഹായത്തിന് മറ്റാരുമില്ലാത്തപ്പോൾ, സ്വന്തംകാര്യങ്ങൾ നിർവ ഹിക്കാൻ ഒരുസ്ത്രീ അന്യപുരുഷന്മാരുള്ള സ്ഥലത്തേക്ക് പോ

കാൻ നിർബന്ധിതയായെന്നുവരും. തനിക്കോ,തൻെറ ചെലവി ൽ കഴിയുന്നവർക്കോ ജീവിതാവശ്യത്തിനുള്ള സാധനങ്ങൾ വാ ങ്ങുകയോ,വിൽക്കുകയോ പോലുള്ള അത്യാവശ്യങ്ങൾക്ക് മത നിയമത്തിൻെറ പരിധികൾസൂക്ഷിച്ച്, പൂർണ്ണ ഇസ്‌ലാമിക വേഷത്തിൽ, സൗന്ദര്യം പ്രകടിപ്പിക്കാതെ, പുരുഷന്മാരുമായി കൂടി ക്കലരാതെ, വേറിട്ടുനിന്നുകൊണ്ടു തന്നെ - പുറത്തിറങ്ങുന്നത് തെറ്റല്ല.

കുടുംബത്തിൻെറ കെട്ടുറപ്പും, സമൂഹത്തിൻെറ ധർമ്മനിഷ്ഠ യും സംരക്ഷിക്കപ്പെടാൻ, ഇസ്‌ലാം മറ്റൊരുനിർദ്ദേശവുംകൂടി ന ൽകിയിട്ടുണ്ട്. അന്യ സ്ത്രീ- പുരുഷന്മാർ ഒറ്റക്ക് ഒരു സ്ഥലത്ത് ഇരിക്കരുതെന്നാണത്. ഭർത്താവോ, തന്നെ വിവാഹം ചെയ്യൽ നിഷിദ്ധമായ ഒരാളോ കൂടെയില്ലാതെ അന്യപുരുഷൻെറകൂടെ ഒറ്റക്കിരിക്കുന്നത് നബി(സ) ശക്തമായി വിരോധിച്ചിരിക്കുന്നു. കാരണം മനുഷ്യ മനസ്സുകളെയും, അവൻെറധാർമ്മിക ബോ ധത്തെയും നശിപ്പിക്കാൻ പിശാച് ജാഗരൂഗനായി ഇരിപ്പാണ്.

# സമാപനം

**വിശ്വാസിനിയായ സഹോദരി,**

അവസാനമായി വിലപ്പെട്ട ചില ഉപദേശങ്ങൾ നൽകാം: ഇവ ജീവിതത്തിൽ പകർത്തുക. സൗഭാഗ്യവതിയായി ജീവിക്കാ നും, സ്തുത്യർഹമായനിലയിൽ മരിക്കാനും ഇവ സഹായിക്കും - ഇൻശാ അല്ലാഹ് - ഇതു മുറുകെ പിടിച്ച് ജീവിക്കുവാൻ അല്ലാഹുവിനോട് സഹായം തേടുക.

1-അല്ലാഹുവിനെ മാത്രം ആരാധിക്കുക. ആരാധനാ കർമ്മ ങ്ങൾ പരിശുദ്ധ ഖുർആനിലും നബി(സ) യുടെ ചര്യയിലും ഉള്ള തു പോലെമാത്രം നിർവഹിക്കുക.

2-വിശ്വാസത്തിലും ആരാധനാ കർമ്മങ്ങളിലും ശിർക്ക് (ബ ഹുദൈവ വിശ്വാസം)വന്നു പോകുന്നത് സൂക്ഷിക്കുക. കാരണം ശിർക്ക് എല്ലാസൽകർമ്മങ്ങളെയും നിഷ്ഫലമാക്കും. വൻ നഷ് ടം വരുത്തിവക്കും.

3-ആരാധനയിലോ, വിശ്വാസത്തിലോ ബിദ്അത്തുകൾ (അനാ ചാരം) ഉണ്ടാകാതെ സൂക്ഷിക്കുക. എല്ലാ അനാചാരങ്ങളും ദുർ മാർഗ്ഗമാണ്. ദുർമാർഗ്ഗി നരകത്തിലുമാണ്

4-നമസ്കാരത്തിൽ പൂർണ്ണനിഷ്ഠയും, സൂക്ഷ്മതയും പാലിക്കുക. നിഷ്ഠയോടെ അതുനിർവഹിക്കുന്നവർക്ക് മറ്റെല്ലാ കാര്യങ്ങളിലും നിഷ്ഠയുണ്ടാകും. അതു പാഴാക്കിയവർ എല്ലാം പാഴായവരുമായിരിക്കും.

5-ഭർത്താവുണ്ടെങ്കിൽ അദ്ദേഹത്തെ അനുസരിക്കുക. അദ്ദേഹത്തിൻെറ ഒരാവശ്യവും നിരസിക്കരുത്. അല്ലാഹുവിൻെറയും റസൂലിൻെറയും കൽപനകൾക്ക് വിരുദ്ധമല്ലാത്ത ഒരുകൽപനയും, വിലക്കും തിരസ്കരിക്കരുത്.

6-ഭർത്താവിൻെറ സാന്നിദ്ധ്യത്തിലും, അസാന്നിദ്ധ്യത്തിലും സ്വന്തം ശരീരവും അദ്ദേഹത്തിൻെറസമ്പത്തും സൂക്ഷിക്കുക.

7-അയൽവാസിനികളോട് വാക്കിലും, പ്രവൃത്തിയിലും നന്മചെയ്യുക.

8-അത്യാവശ്യ കാര്യങ്ങൾക്കല്ലാതെ വീടുവിട്ട് പോകാതിരിക്കുക. പുറത്തിറങ്ങുമ്പോൾ പൂർണ്ണമായി ഇസ്ലാമിക വേഷം ധരിച്ച് ഇറങ്ങുക.

9-സൽകർമ്മങ്ങളിലൂടെ മാതാപിതാക്കൾക്ക് നന്മചെയ്യുക. വാക്കിലോ, പ്രവൃത്തിയിലോ അവരെ ഉപദ്രവിക്കരുത്. സദാചാരം കൽപിക്കുമ്പോളെല്ലാം അവരെ അനുസരിക്കുക. ഇതിന്നു വിപരീതമായ കൽപ്പനയാണെങ്കിൽ അനുസരിക്കേണ്ടതില്ല. സ്രഷ്ടാവിൻെറ കൽപനക്കു വിപരീതമായി ഒരുസൃഷ്ടിയെയും അനുസരിക്കാൻ പാടില്ല.

10-സന്താനങ്ങളുണ്ടെങ്കിൽ അവരെ നല്ലനിലക്ക് വളർത്തുക. സത്യംപറയുന്ന,വൃത്തിയുള്ള,നല്ലവാക്ക്പറയുന്ന,സൽപ്രവൃത്തികൾചെയ്യുന്നവരുമാക്കി വളർത്തുക. മര്യാദകളും, സൽസ്വഭാവങ്ങളും പഠിപ്പിക്കുക. ഏഴുവയസ്സായാൽ നമസ്കരിക്കാൻ കൽപിക്കുക.

11-ദിക്റുകളും, ദാനധർമ്മങ്ങളും അധികരിപ്പിക്കുക. ദാനം കൊണ്ട് ഉദ്ദേശിക്കുന്നത് സ്വന്തംആവശ്യവും, ഭർത്താവിൻെറയും, സന്താനങ്ങളുടെയും ആവശ്യവുംകഴിച്ച് ബാക്കിവരുന്നത് ചെലവഴിക്കലാകുന്നു. അത് എത്രകുറച്ചാണെങ്കിലും ചെയ്യുക.